# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 189 06.12.2018- ൽ മറുപടിക്ക്**

## കൈത്തറി, ഖാദി മേഖലകളുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ.പി.ഉണ്ണി**<br>**ശ്രീ.യു.ആർ.പ്രദീപ്**<br>**ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കൈത്തറി, ഖാദി, കരകൗശലം ഉൾപ്പെടെ ലക്ഷക്കണക്കിന് ആളുകൾ ഉപജീവനത്തിന് ആശ്രയിക്കുന്ന പരമ്പരാഗത വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി, ഖാദി, കരകൗശലം എന്നിവയെ പുനരുദ്ധരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി നടത്തി വരുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകുന്ന പദ്ധതി കൈത്തറി ഉല്പാദന മേഖലയ്ക്ക് ഉണർവേകിയ സാഹചര്യത്തിൽ സർക്കാർ ഉദ്യോഗസ്ഥരും അദ്ധ്യാപകരും ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും കൈത്തറി വസ്ത്രം ധരിക്കണം എന്ന് നിഷ്കർഷിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; തൊഴിലാളികളുടെ കൂലി കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) കൈത്തറി വസ്ത്രങ്ങൾ എല്ലാ മലയാളികളും ഉപയോഗിക്കാൻ വ്യാപകമായ പ്രചാരണം, എല്ലാ സർക്കാർ ജീവനക്കാരെയും വിദ്യാർത്ഥികളെയും സമൂഹത്തിന്റെ മറ്റ് മേഖലകളിലുള്ളവരെയും കൈത്തറി വസ്ത്രം ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുക എന്നിവ സർക്കാർ കൈവരിക്കുവാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളിൽ പ്പെട്ടവയാണ്.<br><br>തൊഴിലാളികളുടെ കൂലി കുടിശ്ശിക തുക വിതരണം ചെയ്യുന്നതിലേയ്ക്കായി 40.26 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. 2018 നവംബർ മാസം വരെയുള്ള കൂലി വിതരണം ചെയ്യുന്നതിന് തുക അനുവദിച്ചു കഴിഞ്ഞു. |

(സി) രാജ്യത്തിനകത്തും വിദേശത്തും കൈത്തറി വസ്തുങ്ങളുടെ വിപണി കണ്ടെത്തുന്നതിനും യന്ത്രത്തറിയിൽ നിർമ്മിക്കുന്ന വ്യാജ ഉല്പന്നങ്ങൾ നെയ്ത്തുകാർക്ക് ഭീഷണിയാകുന്നത് തടയാനും വേണ്ട ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കുമോ?

(സി) രാജ്യത്തിനകത്ത് യന്ത്രത്തറിയിൽ നിർമ്മിക്കുന്ന വ്യാജ ഉൽപന്നങ്ങൾ തടയുവാനും നിയമനടപടികൾ സ്വീകരിക്കുവാനും GOI Reservation Articles for Production Act 1985 പ്രകാരം (RAP Act) വ്യവസ്ഥകൾ നിലവിലുണ്ട്. ഇതു പ്രകാരം എല്ലാ മാസവും എൻഫോഴ്സ്മെന്റ് ഓഫീസറുടെ മേൽ നോട്ടത്തിൽ പവർലൂം സംഘങ്ങളിൽ പരിശോധന നടത്തുകയും കൈത്തറി മേഖലയിലേയ്ക്ക് മാറ്റിവെച്ചിട്ടുള്ള ഉൽപന്നങ്ങൾ പവർ ലൂമിൽ നിർമ്മിക്കുന്നില്ലെന്നു ഉറപ്പു വരുത്തുകയും ചെയ്യുന്നു. ഇതു സംബന്ധിച്ച് എല്ലാ മാസവും പരിശോധന നടത്തി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന് റിപ്പോർട്ട് അയയ്ക്കുകയും ചെയ്യുന്നുണ്ട്.

രാജ്യത്തിനകത്തും പുറത്തും കൈത്തറി വസ്തുങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ദേശീയ അന്തർദ്ദേശീയ മേളകളിൽ പങ്കെടുത്ത് ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിറ്റഴിക്കുന്നതിനുമായി പ്രാഥമിക കൈത്തറി സംഘങ്ങൾക്കും, അപ്പക്സ്, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ധനസഹായം നൽകി വരുന്നു. കൂടാതെ കൈത്തറി ഉൽപന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹനം ലക്ഷ്യമാക്കി പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് കയറ്റുമതി ഉൽപന്നങ്ങളുടെ മൂല്യത്തിന്റെ 20% എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

**കൈത്തറി മേഖല**

കൈത്തറി മേഖലയിലുണ്ടായിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് ന്യായമായ വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ് **സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി.** ഏകദേശം 4600-ഓളം നെയ്ത്തു തൊഴിലാളികളും അതിലിരട്ടി യോളം അനുബന്ധതൊഴിലാളികളും പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്നു. അവർക്ക് സ്ഥിരവരുമാനവും, കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുകയും പൂട്ടികിടന്നിരുന്ന പല നെയ്ത്ത് സഹകരണസംഘങ്ങളും പ്രസ്തുത പദ്ധതിയിലൂടെ തുറന്നു പ്രവർത്തിപ്പിക്കുവാനും സാധിച്ചു. നെയ്ത്തു തൊഴിലാളികൾക്കുള്ള പ്രോത്സാഹനമായി ഓരോ ജില്ലയിലും കൂടുതൽ തുണി നെയ്യുന്ന നെയ്ത്തു തൊഴിലാളികളെ ആദരിക്കുകയും ക്യാഷ് അവാർഡ് നൽകുകയും ചെയ്യുന്നു. കൂടാതെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ തുണി നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ആയി ഒരാഴ്ച പരമാവധി 1000/- രൂപയും ഒരു മാസം പരമാവധി 4000/- രൂപയും കൂടുതലായി ലഭ്യമാക്കുന്നുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്കും തൊഴിലാളികൾക്കും ഒരു പുത്തൻ ഉണർവ് സമ്മാനിച്ചിരിക്കുകയാണ്.

തൊഴിൽ രഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേക്ക് ആകർഷിക്കുന്നതിന് വേണ്ടി **"യുവവീവ്"** പദ്ധതിയും നടപ്പിലാക്കി വരുന്നു. 18-40 നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ അടങ്ങുന്ന ബാച്ചു കളിലായി സൗജന്യ നെയ്ത്തുപരിശീലനം നൽകുകയും, ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 6 മാസകാലയളവിൽ ആദ്യ മൂന്ന് മാസം സ്റ്റൈപന്റോടു കൂടി പരിശീലനവും, തുടർന്നുള്ള മൂന്ന് മാസം സ്റ്റൈപന്റും വേതനവും നൽകി വരുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതതയും ഉറപ്പുവരുത്തുന്നു. കോഴിക്കോട്, കൊല്ലം, കോട്ടയം, പാലക്കാട് എന്നീ നാലു ജില്ലകളിൽ ആറ് ബാച്ചിലുകളായി ആകെ 120 പേർക്ക് പരിശീലനം നൽകി വരുന്നു.

2017-18 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ **'ഒരു വീട്ടിൽ ഒരു തറി'** എന്ന പദ്ധതി പ്രകാരം, നെയ്ത്തു അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുക(പരമാവധി 40000/- രൂപ) സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരി ച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിപ്രകാരം 279 വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി നെയ്ത്ത് സംഘങ്ങളിലെ 43 നെയ്ത്തുകാർക്കും (ആകെ 322 നെയ്ത്തുകാർക്ക്) പുതിയ തറികൾ വാങ്ങുവാൻ 1,08,66,608 രൂപ സർക്കാർ ധനസഹായമായി നൽകിയിട്ടുണ്ട്.

കൂടാതെ പരമ്പരാഗത വ്യവസായമായ കൈത്തറിയുടെ പ്രോത്സാഹനത്തിന് താഴെ പ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1)പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം.

2)ഹാന്റക്സ്, ഹാൻവീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം.

3)നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സബ് സിഡി.

4)ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

5)കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ/ബാലരാമപുരം ഹാന്റ്ലൂം ബിസിനസ് ഇൻക്യുബേഷൻ സെന്റർ, ഹാന്റ്ലൂമിനും ഹാൻവീവിനും ഓരോ ഡിസൈനർ സെന്ററുകൾ.

6)നെയ്ത്തുകാർക്കും മറ്റു തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപാദന പ്രോത്സാഹന ധന സഹായം.

7)കൈത്തറി തൊഴിലാളികൾക്കുള്ള പ്രോത്സാഹനവും ക്ഷേമവും ലക്ഷ്യമാക്കിയിട്ടുള്ള അംശദാന സമ്പാദ്യ പദ്ധതി.

8)കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി (മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന).

9)വിപണന കയറ്റുമതി പ്രോത്സാഹനം.

10)കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനവും.

11)പരിശീലനം, നൈപുണ്യം, ശേഷി വികസന പദ്ധതി.

12)കൈത്തറിയുടെ പ്രചാരണം, പരിശീലനം, പഠനം, കൈത്തറി മാർക്ക് സ്കീമിന്റെ പ്രചാരണ സഹായം.

**ഖാദി മേഖല**

ഖാദി ഗ്രാമ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായി സർക്കാർ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി വരുന്നു.

1.ഖാദി മേഖലയിൽ ചർക്കകളുടെയും തറികളുടെയും പരിഷ്കരണം.

2.ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.

3.തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ.

4.ഉത്സവബത്ത 1500/- രൂപയാക്കി വർദ്ധിപ്പിച്ചു.

5.ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കി (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 പൈസയും).

6.എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐയും മറ്റു ക്ഷേമനിധി ആനുകൂല്യങ്ങളും.

7.തൊഴിലാളികളുടെ അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ

8.കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി

9.തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം.

10.ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി, അഞ്ച് വർഷം കൊണ്ട് അയ്യായിരം പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന **"ഖാദി ഗ്രാമം പദ്ധതി"**.

11.സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയതിന് പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ.

12.ഖാദിയിലെ വൈവിദ്ധ്യവൽക്കരണം.

13.പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരം (പി.എം..ജി.പി.) ഗ്രാമീണ മേഖലയിൽ വായ്പ .

ഇതിനു പുറമേ ചെറുകിട ഖാദി വ്യവസായ സംരംഭകർക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ **"എന്റെ ഗ്രാമം പദ്ധതി"** പ്രകാരം ഗ്രാമീണ മേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നു വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന പുതിയ ഗ്രാമ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി അനുവദിച്ചു നൽകുന്നു.

**കരകൗശല മേഖല**

കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലയുടെ സമഗ്ര പുരോഗതിക്കും, പുനരുദ്ധാരണത്തിനും ശാക്തീകരണത്തിനുമായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി വരുന്നു.

1. 10,000 കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾ കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

2. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും, പുതിയ ഡിസൈനുകൾ നിർമ്മിക്കുവാൻ പരിശീലനം നൽകുന്നതിനുമായി 20 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ നടത്തിവരുന്നു. ഈ പരിപാടിയിലൂടെ 250-ഓളം ആർട്ടിസാൻമാർക്ക് പരിശീലനം നൽകുകയും 70-ഓളം പുതിയ പ്രോട്ടോറൈപ്പുകൾ നിർമ്മിച്ചു നൽകുകയും ചെയ്യു.

3. കരകൗശല മേഖലയുടെ പുരോഗതിക്കായി വിവിധ സ്ഥലങ്ങളിലായി 31 എക്സിബിഷനുകൾ, 8 ക്രാഫ്റ്റ് ബസാറുകൾ എന്നിവയും സംഘടിപ്പിച്ചു.

4. പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിൽ കരകൗശലമേഖലയെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ക്രാഫ്റ്റ് അവയർനെസ്സ് പ്രോഗ്രാമുകൾ (സി.എ.പി) സംഘടിപ്പിച്ചു വരുന്നു. വിവിധ ജില്ലകളിലായി 24 ക്രാഫ്റ്റ് അവയർനെസ്സ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും 2500 പേർ ഇതിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 20 പ്രോഗ്രാമുകൾ കൂടി സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.

5.പൊതുജനങ്ങളിൽ കരകൗശലമേഖലയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ഒരു ഹ്രസ്വചിത്രത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

6.ഓൺലൈൻ വ്യാപാരത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ഇ-കോമേഴ്സ് പോർട്ടലുകളിൽ 'കൈരളി-ഹാന്റിക്രാഫ്റ്റ്സ് ' എന്ന പേരിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിച്ചു. കൂടാതെ കേരള കരകൗശല വികസന കോർപ്പറേഷൻ സ്വന്തമായി ഇ-കോമേഴ്സ് വെബ്സൈററ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

7. കരകൗശല മേഖലയെ ടൂറിസവുമായി കോർത്തിണക്കിക്കൊണ്ട്, പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും, വൻകിട ഹോട്ടലുകളിലും ഡിസ്പ്ലേ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

8.കരകൗശല വികസന കോർപ്പറേഷനു കീഴിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ പൊതു സേവന കേന്ദ്രങ്ങൾ (സി.എഫ്.സി) സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

| | | |
|---|---|---|
| 1 | കഞ്ഞിമംഗലം, കണ്ണൂർ | ബെൽ മെറ്റൽ ക്രാഫ്റ്റ് |
| 2 | ചേർപ്പ്, തൃശ്ശൂർ | മരാധിഷ്ഠിത ക്രാഫ്റ്റ് |
| 3 | കടവൂർ, കൊല്ലം | സ്ക്രൂപിക്ചർ ക്രാഫ്റ്റ് |
| 4 | നിലമ്പൂർ, മലപ്പുറം | കളിമൺ ക്രാഫ്റ്റ് |
| 5 | വയനാട് | വാഴനാര് ക്രാഫ്റ്റ് |

കൂടാതെ, കരകൗശല മേഖലയിൽ ചെറുകിട സംരംഭങ്ങളിലൂടെ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തിൽ **"ആഷ"** എന്ന ഒരു പദ്ധതിയും നടത്തി വരുന്നു. ഈ മേഖലയിൽ സൂക്ഷമസംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് സ്ഥിരം മൂലധന ആസ്തിയുടെ 40% തുക പരമാവധി 2 ലക്ഷം രൂപ ധനസഹായമായി നൽകുന്നു. പട്ടികജാതി/ വർഗ്ഗം, വനിതാ, യുവജന സംരംഭകർക്ക് ഇത് 50% ധനസഹായമായി പരമാവധി 3 ലക്ഷം രൂപ വരെ നൽകി വരുന്നു.

'കാഡ്കോ'യുടെ കീഴിൽ മരപ്പണി, വസ്ത്രനിർമ്മാണം എന്നീ മേഖലയിൽ പൊതുസേവനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വസ്ത്രഗ്രാമംപദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 65 വീതം വനിതകൾക്ക് വിവിധ ജില്ലകളിൽ പരിശീലനം നൽകി ആവശ്യമായ മെഷീനറികളും സ്ഥാപിച്ച് സി.എഫ്.സി.കൾ സ്ഥാപിച്ചു വരുന്നു. എൽ.എസ്.ജി.ഡി ഓഫീസുകളുടെ നവീകരണം, സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം, ആധുനിക രീതിയിലുള്ള തൊഴിൽ പരിശീലനം ലക്ഷ്യമാക്കി സ്കിൽ ഓൺ വീൽ, പ്രകൃതിദത്തനാരുകൾ ഉപയോഗിച്ച് കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരുന്നു.

ബാംബൂ കോർപ്പറേഷൻ വഴി ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 20% കൂലി വർദ്ധനവ് നടപ്പിലാക്കുകയും 15 സാമൂഹിക യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ പുതുതായി തുടങ്ങാനും വിവിധ ബാംബൂ ഉൽപന്നങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികളും ആവിഷ്കരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ